## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4632 | 29.06.2012 ൽ മറുപടിക്ക്

### കാർഷിക രംഗത്തെ വളർച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കേരളത്തിൽ കാർഷിക രംഗത്തുള്ള വളർച്ച പ്രതീക്ഷിക്കുന്ന തരത്തിലുള്ളതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | **(എ)** ഉണ്ട് |
| **(ബി)** എങ്കിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലെയുള്ള വളർച്ച ഉണ്ടാവാതിരിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; | **(ബി)** കേരളത്തിന്റെ ഭൂവിലയിലുള്ള വർദ്ധനവ്, കൃഷി ഭൂമി തുണ്ടുവൽക്കരിക്കൽ, സമതല പ്രദേശങ്ങളുടെ അഭാവം, ജനസാന്ദ്രത, കാലാവസ്ഥയിലുള്ള വ്യതിയാനങ്ങൾ, പ്രകൃതിക്ഷോഭം, കീടരോഗാക്രമണങ്ങൾ, ഉത്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കാർഷികോൽപന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായങ്ങളുടെ അഭാവം, വ്യക്തികളുടെ മനോഭാവം തുടങ്ങിയ അനേകം കാരണങ്ങൾ കേരളത്തിന് പ്രതീക്ഷിക്കുന്ന തരത്തിലുള്ള കാർഷിക വളർച്ചയ്ക്ക് തടസ്സമാകുന്നുണ്ട്. |
| **(സി)** കാർഷിക രംഗത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, ഉദ്യോഗസ്ഥരുടെ മനോഭാവം എന്നിവയിൽ കാലോചിതമായ മാറ്റം അനിവാര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | **(സി) യും (ഡി) യും** ഉണ്ട്. ഇവയിൽ കാലോചിതമായ മാറ്റം അനിവാര്യമായതിനാൽ അത് നടപ്പിൽ വരുത്തുന്നതിന് നിരവധി നൂതന ആശയങ്ങളും പദ്ധതികളും സർക്കാർ പ്രാവർത്തികമാക്കി വരുന്നു. സർക്കാരിന് ഇക്കാര്യത്തിൽ വ്യക്തത കൈവരുത്തുന്നതിനും സംസ്ഥാനത്തിന് ഏറ്റവും യോജിച്ച ഒരു കാർഷിക നയം രൂപപ്പെടുത്തുന്നതിനും ഒരു ഉപസമിതി ഇപ്പോൾത്തന്നെ രൂപീകരിച്ചു കഴിഞ്ഞു. കാർഷിക വിദഗ്ധരും പുരോഗമന കർഷകരും ഉൾപ്പെടുന്ന ഈ സമിതി അതിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഏറ്റവും അടുത്തുതന്നെ സംസ്ഥാനത്തിന് ഉചിതമായ ഒരു കാർഷിക നയം രൂപപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| **(ഡി)** എങ്കിൽ ഇത് സംബന്ധിച്ച ചർച്ചയും, വിശദമായ കാർഷികനയവും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ